2704
7/2/17

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പാലക്കാട് ജില്ല -16.03.2015-ലെ (എം.എസ്) നം.107/2015/റവ - എന്ന സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

റവന്യൂ (ഡി ആർ എഫ് ബി) വകുപ്പ്

ജി.ഒ.(എം.എസ്): 29/17/റവന്യൂ തിരുവനന്തപുരം, തീയതി: 24/01/2017

പരാമർശം: 1. 16.03.2015 ലെ സർക്കാർ ഉത്തരവ്(എം.എസ്) നം.107/2015/റവ
2. പാലക്കാട് ജില്ലാ കളക്ടറുടെ 13/10/2016-ലെ ഡി8-2015/19126/9 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം, പാലക്കാട് ജില്ലയിലെ ആലത്തൂർ, തരൂർ 2, അത്തിപ്പൊറ്റ, കുണ്ടുപറമ്പ് വീട്ടിൽ ശ്രീ. രാജൻ. കെ എന്നയാളുടെ മകളുടെ കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് 10 ലക്ഷം രൂപ ധനസഹായം അനുവദിച്ചിരുന്നു. എന്നാൽ കരൾ സംബന്ധമായ രോഗ ചികിത്സ തുടർന്നു വരവേ, കുട്ടിക്ക് കേൾവി/ സംസാര ശേഷി നഷ്ടപ്പെട്ടുവെന്നും ആയതിനു അടിയന്തിരമായി കോക്ലിയർ ഇസ്ലാൻറ്റേഷൻ സർജറി നടത്തണമെന്നും, കരൾമാറ്റ ശസ്ത്രക്രിയ പിന്നീട് നടത്തിയാൽ മതിയെന്നും ഡോക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് അനുവദിച്ച 10 ലക്ഷം രൂപയിൽ 7 ലക്ഷം രൂപ കോക്ലിയാർ ഇസ്ലാൻറ്റേഷൻ സർജറിക്കും ബാക്കി 3 ലക്ഷം രൂപ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും അനുവദിച്ചു നൽകണമെന്ന അപേക്ഷകന്റെ ആവശ്യം പരാമർശം (2) കത്ത് പ്രകാരം ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ട്

(2) മേൽസാഹചര്യത്തിൽ, കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്കനുവദിച്ച 10 ലക്ഷം രൂപയിൽ 7 ലക്ഷം രൂപ കോക്ളിയർ ഇൻപ്ളാന്റേഷൻ സർജറിക്കും ബാക്കി 3 ലക്ഷം രൂപ കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ്ക്കും അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) മേൽ ഭേദഗതിയോടെ പ്രസ്തുത സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

പി.എച്ച്.കുര്യൻ
പ്രിൻസിപ്പൽ സെക്രട്ടറി.

ജില്ലാ കളക്ടർ, പാലക്കാട്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പിന്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ